**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് ലോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചെറുകിട വ്യവസായ സാധ്യതകളുള്ള പൊന്നാനിയിൽ "Industrial Galo" സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പുരോഗതി എത്രത്തോളമായെന്നറിയിക്കുമോ; | (എ) | ചെറുകിട വ്യവസായ സാധ്യതകളുള്ള പൊന്നാനിയിൽ “Industrial Galo” സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൊന്നാനി നഗരസഭയുടെ ഉടമസ്ഥതയിലുള്ള പൊന്നാനി നഗരസഭയിലെ 12-ാം വാർഡിൽ നെയ്തല്ലൂർ എന്ന സ്ഥലത്ത് 143/1,2, 146/1,2,3 എന്നീ സർവ്വേ നമ്പറുകളിലുള്ള 3.72 ഏക്കർ ഭൂമിയാണ് ഗാല നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. പൊന്നാനി എടപ്പാൾ മെയിൻ റോഡിൽ(ഐശ്വര്യ സിനിമ) നിന്നും 2.5 കിലോമീറ്റർ ദൂരത്താണ് പ്രസ്തുത സ്ഥലം സ്ഥിതി ചെയ്യുന്നത്. ഇതിൽ 300 മീറ്റർ റോഡിന് 3 മീറ്റർ വീതിയും ശേഷിക്കുന്ന അളവിന് 7 മീറ്റർ വീതിയും മാത്രമേയുള്ളൂ. ടി ഭൂമി സർക്കാർ രേഖ പ്രകാരം വെറ്റ് ലാന്റ് ഗണത്തിൽപ്പെട്ടതാണ്. മേൽ ന്യൂനതകൾ പരിഹരിക്കുന്ന മുറക്ക് പദ്ധതിയുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് ലോൺ ലഭ്യമാകാൻ ഇപ്പോഴും പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ബാങ്കുകളുടെ സമീപനം നിഷേധാത്മകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | MSME മേഖലയിൽ വായ്പ അനുവദിക്കുന്നതിൽ ബാങ്കുകളുടെ സമീപനം പൊതുവിൽ നിഷേധാത്മകമാണെന്ന് വിലയിരുത്തിയിട്ടില്ല.എന്നാൽ വ്യവസായ പദ്ധതികൾക്ക് ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായി ചില പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.ബ്ലോക്ക് തല ബാങ്കേഴ്സ് സമിതിയിലും ജില്ലാ തലത്തിൽ നിലവിലുള്ള വിവിധ സമിതികളിലും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ വിവിധ സാമ്പത്തിക സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കേസുകളിലും ബാങ്കിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ